**ക്രമപ്രശ്നം**

<u>ബജറ്റ് ടൈയിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബജറ്റ് 'ടൈ'-യിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിഷയം ക്രമപ്രശ്നമായി ഉന്നയിക്കാൻ സമയം അനുവദിച്ച് നൽകിയ ബഹുമാനപ്പെട്ട സ്പീക്കർക്ക് നന്ദി രേഖപ്പെടുന്നു. ബജറ്റിന്റെ ഭാഗമായി നിയമസഭയിൽ സ്വീകരിക്കേണ്ട നടപടിക്രമത്തിൽ ചെറിയൊരു പോരായ്മ വന്നുവെന്നുള്ളതാണ് ഞാൻ ഇവിടെ ചൂണ്ടികാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ നടപടിക്രമങ്ങൾ അനുസരിച്ചുള്ള കാര്യങ്ങൾ മേശപ്പുറത്ത് വച്ചില്ല. വിവിധ ബജറ്റ് രേഖകളിൽ രേഖപ്പെടുത്തിയ കണക്കുകൾക്ക് പുറമെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്ന സാമ്പത്തിക ബാധ്യതയുള്ള പുതിയ പ്രഖ്യാപനങ്ങൾ, നികുതിയിളവിന്റെ കണക്കുകൾ, പുതിയ നികുതി ചുമത്തുമ്പോൾ ലഭിക്കുന്ന അധികനികുതി വരുമാനം മുതലായവ ബജറ്റ് പ്രസംഗത്തിലെ അവസാന പേജിലെ 'ടൈ'-ൽ റിവൈസ്ഡ് എസ്റ്റിമേറ്റ്/പുതുക്കിയ കണക്കുകളിൽ സമഗ്രമായി പ്രതിഫലിക്കേണ്ടതുണ്ട്. ഇത് ബജറ്റ് നടപടിക്രമങ്ങളുടെ അടിസ്ഥാന വ്യവസ്ഥയാണ്. എന്നാൽ സഭയിൽ സമർപ്പിച്ച ബജറ്റ് പ്രസംഗം സൂക്ഷ്മമായി പരിശോധിച്ചതിൽ അനുവദിച്ച നികുതിയിളവുകളിൽനിന്നുള്ള സാമ്പത്തിക ബാധ്യത (ഉദാഹരണം ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി കുറച്ചത്, സ്വകാര്യ ടൂറിസ്റ്റ് ബസ്സുകളുടെ ത്രൈമാസ നികുതി കുറച്ചത് തുടങ്ങിയവ) വന്നിട്ടില്ല. അതുപോലെ പുതിയ നികുതി നിരക്കുകൾ നിശ്ചയിച്ചതിലൂടെ ലഭിക്കുന്ന അധിക വരുമാനവും 'ടൈ'-യുടെ ഭാഗമായി കണക്കിൽ വരേണ്ടതാണ്. ഈ വിവരങ്ങൾ ഒഴിവാക്കിയത് പുതുക്കിയ എസ്റ്റിമേറ്റ് പട്ടികയെ ഒരു അപൂർണ്ണ രേഖയാക്കി മാറ്റുകയാണ് ചെയ്തത്. ഈ സഭയ്ക്ക് ലഭിക്കേണ്ട പൂർണ്ണവും സുതാര്യവുമായ വെളിപ്പെടുത്തൽ എന്ന മാനദണ്ഡത്തിന് വിരുദ്ധമാണ് ഈ ബജറ്റ് രേഖ. ഇതിലൂടെ പുതുക്കിയ ബജറ്റിന്റെ യഥാർഥ സാമ്പത്തിക പ്രത്യാഘാതങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് സഭാംഗങ്ങൾക്ക് ആവശ്യമായ രേഖകൾ നിഷേധിക്കുകയാണ്. ഇത് ബജറ്റിലെ കണക്കുകൾ പരിശോധിക്കാനുള്ള സഭയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നതിന് തുല്യമാണ്. സഭയ്ക്ക് മുമ്പാകെ സമർപ്പിച്ച രേഖയുടെ ഔചിത്യത്തേയും പൂർണ്ണതയേയും ബാധിക്കുന്ന വിഷയമാണെന്നതിനാൽ ബജറ്റിന്മേലുള്ള തുടർനടപടികൾ സഭ പരിഗണിക്കുന്നതിന് മുമ്പായി പുതുക്കിയ എസ്റ്റിമേറ്റ് പട്ടിക അതിന്റെ യഥാർഥവും പൂർണ്ണവുമായ രൂപത്തിൽ ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു സപ്ലിമെന്ററി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ സർക്കാരിനോട് നിർദേശം നൽകണമെന്ന് അഭ്യർഥിക്കുന്നു.

പ്രഖ്യാപിച്ച ഓരോ നികുതിയിളവുകൾ മുഖേന സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന

വരുമാനത്തിന്റെ കണക്ക് ലഭ്യമാക്കണം. അതുപോലെ ബജറ്റിൽ അവതരിപ്പിച്ച ഓരോ പുതിയ പ്രഖ്യാപനങ്ങളിൽനിന്നും പദ്ധതികളിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെയും കണക്ക് ലഭ്യമാക്കണം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിങ് അത്യന്താപേക്ഷിതമാണ്. സാധാരണഗതിയിൽ ഇതൊരു തർക്കമുള്ള കാര്യമല്ല. ബജറ്റ് 'ടൈ'-യ്ക്ക് അകത്ത് വരേണ്ടതാണ്. അത് സഭാരേഖയുടെ ഭാഗമായി സപ്ലിമെന്ററി ലിസ്റ്റിൽ ബജറ്റ് ഡോക്യുമെന്റിന്റെ ഭാഗമായി വരേണ്ടതുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-27 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട അംഗം തന്നെ അവതരിപ്പിച്ച ബജറ്റിൽ, അധിക നികുതി വരുമാന നിർദേശങ്ങൾ അടങ്ങിയിരുന്നു. 2026-27-ലെ ബജറ്റ് പ്രസംഗത്തിന്റെ ഭാഗം 4-ലെ 751 മുതൽ 757 വരെയുള്ള ഖണ്ഡികകളിൽ ഇവ കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഉദാഹരണത്തിന് 'നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി' മുഖേന ഇളവുകൾ നൽകിയിരിക്കുന്ന കാര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കുന്നതല്ല. 2026-27-ൽ അങ്ങ് തന്നെ അവതരിപ്പിച്ച ബജറ്റ് ടൈയിൽ അധിക നികുതി വരുമാനത്തെയോ നികുതിയിളവുകളെയോ സംബന്ധിച്ച് പ്രതിപാദിക്കുന്നില്ല. അതിനാൽതന്നെ 2026-27-ലെ പുതുക്കിയ ബജറ്റിലെ 'ടൈ'-യിലും ഇവ ഉൾക്കൊള്ളിച്ചിട്ടില്ല. 11-03-2002-ൽ ചെയറിൽനിന്ന് വളരെ പ്രധാനപ്പെട്ട ഒരു റൂളിങ് ഉണ്ടായിരുന്നു. ബജറ്റ് പ്രസംഗം എന്ന് പറയുന്നത് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ അല്ല. ആർട്ടിക്കിൾ 202 അനുസരിച്ച് അതൊരു ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ആണ്. ആർട്ടിക്കിൾ 202 പ്രകാരം ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചാൽ മതി. ബജറ്റിനൊപ്പം സമർപ്പിക്കുന്ന എല്ലാ അനുബന്ധ രേഖകളും അതിനോടൊപ്പം ടേബിൾ ചെയ്തിട്ടുണ്ട്. നമുക്ക് 'ടൈ' ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ മാത്രമാണ് അതിനകത്ത് ഉൾപ്പെടുത്താത്തത്. കൃത്യമായ സ്റ്റേറ്റ്മെന്റ് ബജറ്റിന്റെ അവസാന ഭാഗത്തും ബജറ്റിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റിലുമുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അവസാനത്തെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആവശ്യമായ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ പാലിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കേണ്ടതുമായ എല്ലാ കണക്കുകളും പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ രേഖകളിലുണ്ടെന്ന് സഭയെ അറിയിക്കുന്നു.